പതിമൂന്നാം കേരള നിയമസഭ

ആറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 1684

14/12/2012 -ൽ മറുപടിയ്ക്ക്

പള്ളിക്കൽ, മുന്നിയൂർ പഞ്ചായത്തുകളുടെ വിഭജനം

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. കെ. എൻ. എ. ഖാദർ | | ഡോ. എം.കെ. മുനീർ, ( ബഹു. പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പു മന്ത്രി) | |
| (എ) | വള്ളിക്കുന്ന് മണ്ഡലത്തിലെ പള്ളിക്കൽ, മുന്നിയൂർ പഞ്ചായത്തുകൾ വിഭജിച്ച് കരിപ്പൂർ പഞ്ചായത്തും ചേളാരി പഞ്ചായത്തും രൂപീകരിക്കുവാൻ നടപടി സ്വീകരിക്കുമോ; ഇക്കാര്യം പരിഗണനയിലുണ്ടോയെന്നു വ്യക്തമാക്കുമോ; | എ) | കേരള പഞ്ചായത്ത് രാജ് നിയമം 4 (2) വകുപ്പ് പ്രകാരം ഒരു ഗ്രാമപഞ്ചായത്തിന്റെ ഭൂപ്രദേശം വിപുലപ്പെടുത്തുകയോ കുറയ്ക്കുകയോ ചെയ്യുന്ന ഏതൊരു മാറ്റവും ആ പഞ്ചായത്തിന്റെ നിലവിലുള്ള സമിതിയുടെ കാലാവധി തീരുന്ന മുറയ്ക്കല്ലാതെ പ്രാബല്യത്തിൽ വരുത്തുവാൻ പാടുള്ളതല്ല. |
| (ബി) | ഡി-ലിമിറ്റേഷൻ കമ്മീഷൻ സ്ഥാപിച്ച് എത്രയും വേഗം പഞ്ചായത്തുകളുടെ വിഭജനത്തിന് വേണ്ടി നടപടി സ്വീകരിക്കുമോ? | ബി) | സംസ്ഥാനത്തെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്കുള്ള പൊതു തിരഞ്ഞെടുപ്പിനു മുന്നോടിയായി നിയോജക മണ്ഡലങ്ങളുടെ അതിർത്തി പുനർ നിർണ്ണയം നടത്തുന്നതിനുവേണ്ടിയാണ് കേരള പഞ്ചായത്ത് രാജ് നിയമം 10-ാം വകുപ്പ് പ്രകാരം ഡീ-ലിമിറ്റേഷൻ കമ്മീഷൻ രൂപീകരിക്കുന്നത്. 2010-ലെ തെരഞ്ഞെടുപ്പിനായി ഡി-ലിമിറ്റേഷൻ കമ്മീഷൻ രൂപീകരിക്കുകയും അതിർത്തി പുനർ നിർണ്ണയം നടത്തുകയും ചെയ്തിട്ടുണ്ട്. 2015ലെ അടുത്ത തദ്ദേശ സ്വയംഭരണ തിരഞ്ഞെടുപ്പിനോടനുബന്ധിച്ച് മാത്രമെ ഇനി കമ്മീഷൻ രൂപീകരിക്കുകയുള്ളു. |

സെക്ഷൻ ആഫീസർ